LIBRARY ARCHIVES Kerala Legislative Assembly

ഖാദി തൊഴിലാളികളുടെ മിനിമം കൂലി

188 (4991) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി തൊഴിലാളികളുടെ നിലവിലുള്ള മിനിമം കൂലി ഏതുവർഷം മുതലാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) മിനിമം കൂലി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 5/2010/തൊഴിൽ തീയതി 8-1-2010 പ്രകാരം കേരള സംസ്ഥാനത്തെ ഖാദി വ്യവസായത്തിലെ തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 24-6-2015-ലെ സ.ഉ. (പി) നമ്പർ 73/2015/തൊഴിൽ ഉത്തരവ് പ്രകാരം ഖാദി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കായി ശ്രീ. പി. കെ. ഗോപാലൻ സ്വതന്ത്രാംഗവും ചെയർമാനുമായും ബഹുമാനപ്പെട്ട ലേബർ കമ്മീഷണർ സ്വതന്ത്രാംഗമായും താഴെപ്പറയുന്ന 4 വീതം തൊഴിലാളി - തൊഴിലുടമ പ്രതിനിധികളുമടക്കം 10 അംഗങ്ങളുള്ള ഒരു സബ് കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. ടി സബ് കമ്മിറ്റിയിൽ ശ്രീ. കെ. സുരേന്ദ്രൻ, ശ്രീ. കെ. ഗംഗാധരൻ, ശ്രീ. യു. പോക്കർ, ശ്രീ. ജെ. ഉദയഭാനു എന്നിവർ തൊഴിലാളി പ്രതിനിധികളും ശ്രീ. പി.എ.എം. ഇബ്രാഹിം, ശ്രീ. ഹുസൈൻകോയ തങ്ങൾ, ശ്രീ. കെ. കൃഷ്ണൻ, ശ്രീ. ചെറിയാൻ എം. ജോർജ് എന്നിവർ തൊഴിലുടമാ പ്രതിനിധികളുമാണ്.

ശരണ്യ സ്വയം തൊഴിൽ പദ്ധതി

189 (4992) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് ; വർഷം, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;